**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.373** **15/07/2015-ലെ മറുപടിക്ക്**

## കാൻസർ രോഗചികിത്സാ വിപുലീകരണം

**ചോദ്യം**

ശ്രീ.സി.മമ്മൂട്ടി
ശ്രീ.എൻ .എ.നെല്ലിക്കുന്ന്
ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ
ശ്രീ.കെ.എൻ.എ.ഖാദർ

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കാൻസർ രോഗബാധ നേരിടാൻ മെഡിക്കൽ കോളേജുകളിൽ മിനി റീജ്യണൽ കാൻസർ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ | (എ) | ഉണ്ട്. തൃശ്ശൂർ, കോഴിക്കോട്, കോട്ടയം,ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ. മിനി ആർ.സി.സി തുടങ്ങുവാനുള്ള പദ്ധതി 14-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കാൻസർ രോഗചികിത്സയിൽ ആയുർവ്വേദം, ഹോമിയോ, സിദ്ധ, ആൾട്ടർനേറ്റീവ് മെഡിസിൻ എന്നീ വിഭാഗങ്ങൾക്ക് നിർണ്ണായക പങ്കുവഹിക്കാൻ സാധിക്കുമെന്നത് പരിഗണിച്ച് എല്ലാ വിഭാഗത്തിലെയും വിദഗ്ദ്ധരുടെ നേതൃത്വത്തിൽ ഗവേഷണവും സംയുക്ത ചികിത്സാ രീതികളും പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) | തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ